ഭരണഭാഷ - മാതൃഭാഷ

| | |
|---|---|
| ചീഫ് എഞ്ചിനീയറുടെ കാര്യാലയം<br>ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് &<br>എഞ്ചിനീയറിംഗ് വിംഗ്<br>റവന്യൂ കോംപ്ലക്സ് മൂന്നാം നില<br>പബ്ലിക് ആഫീസ് ബിൽഡിംഗ്<br>തിരുവനന്തപുരം - 33 | ഫോൺ: 0471-2324951<br>0471-2325071<br>ടെലി ഫാക്സ് – 0471-2324951<br>ഇമെയിൽ -celsgd@gmail.com<br>വെബ് സൈറ്റ് www.celsgd.kerala.gov.in |

**നം: ഡിബി1/ 7942/2010/സിഇ/തസ്വഭവ** **തീയതി: 02/09/2021**

## സർക്കുലർ

വിഷയം: തസ്വഭവ (എൽ.ഐ.ഡി & ഇ.ഡബ്ല്യൂ) –ഇ-ടെണ്ടർ മുഖേന പ്രവൃത്തികൾ നടപ്പിലാക്കുന്നത്- സംബന്ധിച്ച്.

**********

ടെണ്ടർ നടപടികൾ അഴിമതി രഹിതവും സുതാര്യവുമായി നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടെയാണ് തദ്ദേശസ്വയം ഭരണ വകുപ്പിൽ ഇ-ടെണ്ടർ നടപ്പിലാക്കിയത്. എന്നാൽ ഇ-ടെണ്ടർ നടപടികൾ കൃത്യമായി പൂർത്തീകരിക്കുന്നതിൽ ടെണ്ടർ ക്ഷണിക്കുന്ന എഞ്ചിനീയർമാരുടെ ഭാഗത്ത് നിന്ന് ഗുരുതരമായ വീഴ്ച സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഓൺലൈൻ ബിഡ് തുറക്കാതെ BOQ ഉൾപ്പെടെയുള്ള ഹാർഡ് കോപ്പികൾ വാങ്ങി ആയത് പരിശോധിച്ച് തുടർനടപടികൾ നടത്തുന്നത് അത്യന്തം ഗുരുതരമായ കൃത്യവിലോപമാണ്, പലരും അനുവർത്തിച്ച് പോരുന്നത്. കൂടാതെ സിംഗിൾ ടെണ്ടർ വരുന്ന സാഹചര്യങ്ങളിൽ റീടെണ്ടർ നടത്തുമ്പോൾ റീടെണ്ടർ Corrigendum-മുഖേന നടപടികൾ സ്വീകരിക്കുന്നതിന് പകരം വീണ്ടും പുതിയ ടെണ്ടർ ക്രിയേറ്റ് ചെയ്യുന്ന രീതിയും പിൻതുടരുന്നുണ്ട്. ഇത് കാരണം നിലവിലെ അവസ്ഥ അറിയാൻപോലും കരാറുകാർക്ക് അവസരം ലഭിക്കുന്നില്ല. കൂടാതെ ഓൺലൈൻ ആയി ഒടുക്കിയ നിരതദ്രവ്യം അവർക്ക് തിരികെ ലഭിക്കുന്നുമില്ല. ഇതു സംബന്ധിച്ച് നിരവധി അപാകതകൾ ഈ കാര്യാലയത്തിന് ബോധ്യപ്പെട്ടിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ടെണ്ടർ ക്ഷണിക്കുന്ന ഉദ്യോഗസ്ഥർ ഇ-ടെണ്ടർ നടത്തുന്ന സമയത്ത് ചുവടെ ചേർക്കുന്ന നടപടികൾ കർശനമായി പാലിക്കേണ്ടതാണ് എന്ന് നിർദ്ദേശിക്കുന്നു.

1) ടെണ്ടർ തുറക്കുന്ന ഘട്ടത്തിൽ തന്നെ ടെണ്ടർ ക്ഷണിക്കുന്ന എല്ലാ ഉദ്യോഗസ്ഥരും ഇ-ടെണ്ടർ Website വഴി ടെണ്ടർ തുറന്ന് നടപടിക്രമങ്ങൾ പൂർത്തിയാക്കി Bid opening summary upload ചെയ്ത് Bid opening പ്രക്രിയ പൂർത്തിയാക്കേണ്ടതും തുടർന്നുള്ള Technical evaluation, Financial evaluation എന്നീ ഘട്ടങ്ങളും അന്നേ ദിവസം തന്നെ പൂർത്തീകരിക്കേണ്ടതാണ്.

LA

2) തുടർന്ന് ഇ-ടെണ്ടർ Website-ൽ നിന്നും കിട്ടുന്ന BOQ Comparison chart ലഭ്യമാക്കി $L_1$ നെ ശുപാർശ ചെയ്ത് ആയത് കമ്മിറ്റിയുടെ / കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതാണ്. $L_1$ ഒഴികെ ബാക്കി എല്ലാ കരാറുകാരുടെയും EMD നിയമ വ്യവസ്ഥകൾ പാലിച്ച് തിരികെ നൽകേണ്ടതാണ്.

3) കമ്മിറ്റിയുടെ അംഗീകാരത്തോടുകൂടി $L_1$ കരാറിലേർപ്പെട്ടാൽ ഉടൻതന്നെ ഇ-ടെണ്ടർ Website-ൽ AOC നടപടിക്രമങ്ങൾ പൂർത്തീകരിക്കേണ്ടതാണ്.

4) ഏതെങ്കിലും പ്രവൃത്തിക്ക് റീടെണ്ടർ നടത്തേണ്ടി വരുന്ന സാഹചര്യത്തിൽ ആയത് Re-Tender Corrigendum മുഖേന മാത്രം നടത്തേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്.

ചീഫ് എഞ്ചിനീയർ

LA